ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 29.09.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. സാങ്കേതികവിദ്യകളുടെ സഹായത്തോടെ ഇന്ത്യയുടെ സമുദ്ര സുരക്ഷ വർദ്ധിക്കാനായെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh says India's maritime security has increased with the help of technology.**

2. വരും വർഷങ്ങളിൽ ഇലക്ട്രോണിക്സ് നിർമ്മാണരംഗം രാജ്യത്തെ പ്രധാന തൊഴിൽമേഖലയായി മാറുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister Ashwini Vaishnav says electronics manufacturing will become a major employment sector in the country in the coming years.**

3. ക്രോസ് ബോർഡർ റെയിൽപാത പദ്ധതികൾ നടപ്പിലാക്കാൻ ഇന്ത്യയും ഭൂട്ടാനും തമ്മിൽ ധാരണയായി.

   **India and Bhutan have agreed to implement cross-border railway projects.**

4. യൂറോപ്യൻ ഫ്രീ ട്രേഡ് അസോസിയേഷൻ രാജ്യങ്ങളുമായുള്ള സ്വതന്ത്ര വ്യാപാര കരാർ ഒക്ടോബർ ഒന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.

   **Union Minister Piyush Goyal says the free trade agreement with the European Free Trade Association countries will come into effect from October 1.**

5. തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണം സുതാര്യമായി നടത്തണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ പാസ്സാക്കി.

   **The Kerala Assembly has passed a resolution demanding a transparent revision of the electoral roll.**

6. ഏഷ്യാ കപ്പ് ഫൈനൽ മത്സരത്തെ തുടർന്നുണ്ടായ വിവാദങ്ങളിൽ ഐസിസിയിൽ പ്രതിഷേധം അറിയിക്കുമെന്ന് ബിസിസിഐ.

   **The BCCI has said that it will lodge a protest with the ICC over the controversies following the Asia Cup final.**

&&&&&&&&&&&&&&&&&&

**PREZ-OFFICERS**

രാജ്യത്തിന്റെ സാങ്കേതിക പുരോഗതി മുന്നോട്ട് കൊണ്ടുപോകുന്നതിൽ എഞ്ചിനീയർമാർ നിർണായക പങ്ക് വഹിക്കുന്നുവെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. അടിസ്ഥാന സൗകര്യ വികസനത്തിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടെ, എഞ്ചിനീയറിംഗ് മേഖല ഗണ്യമായ വളർച്ച കൈവരിക്കുമെന്ന് രാഷ്ട്രപതി പറഞ്ഞു. സെൻട്രൽ എഞ്ചിനീയറിംഗ് സർവീസിലെ പ്രൊബേഷൻ ഉദ്യോഗസ്ഥരുമായി രാഷ്ട്രപതിഭവനിൽ സംവദിക്കുകയായിരുന്നു ശ്രീമതി മുർമു. ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സർവീസിലെയും ഇന്ത്യൻ സ്കിൽ ഡെവലപ്മെന്റ് സർവീസിലെയും പ്രൊബേഷനർമാരുമായും രാഷ്ട്രപതി സംസാരിച്ചു.

&&&&&&&&&&&&&&&&&&

**RAJNATH - COMMANDERS CONF (INTRO)**

വിശാലമായ തീര മേഖലയുള്ള ഇന്ത്യയുടെ സമുദ്ര സുരക്ഷ പ്രധാന വെല്ലുവിളിയാണെന്നും സാങ്കേതികവിദ്യകളുടെ സഹായത്തോടെ സമുദ്ര സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് കമാൻഡേഴ്സ് കോൺഫറൻസിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

കൂടുതൽ ചലനാത്മകമായ വെല്ലുവിളികളാണ് നിലവിൽ നേരിടേണ്ടിവരുന്നതെന്നും ഇലക്ട്രോണിക് സംവിധാനങ്ങൾ അവലംബിച്ചുള്ള യുദ്ധരീതികളാണ് ഇക്കാലത്തെ പ്രത്യേകതയെന്നും രാജ്യരക്ഷാമന്ത്രി അഭിപ്രായപ്പെട്ടു. പ്രതിരോധ രംഗത്തെ, ഓട്ടോമേറ്റഡ് പ്രതികരണ സംവിധാനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&

## GOYAL- FTAs

യൂറോപ്യൻ ഫ്രീ ട്രേഡ് അസോസിയേഷൻ രാജ്യങ്ങളായ ഐസ്‌ലാൻഡ്, ലിച്ചെൻസ്റ്റൈൻ, നോർവേ, സ്വിറ്റ്സർലൻഡ് എന്നിവയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. വികസിത രാജ്യങ്ങൾ ഇന്ത്യയുമായി സ്വതന്ത്ര വ്യാപാര കരാറുകളിൽ ഒപ്പുവെക്കാൻ താൽപര്യപ്പെടുന്നുണ്ടെന്നും യുഎഇ, ഓസ്‌ട്രേലിയ, യുകെ എന്നിവയുമായി ഇതിനകം തന്നെ അത്തരം കരാറുകൾ ഒപ്പുവച്ചിട്ടുണ്ടെന്നും ശ്രീ ഗോയൽ അറിയിച്ചു. ഗ്രേറ്റർ നോയിഡയിൽ യുപി ഇന്റർനാഷണൽ ട്രേഡ് ഷോയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 700 ബില്യൺ യുഎസ് ഡോളറിലെത്തിയെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

## VAISHNAW - ELECTRONICS

വരും വർഷങ്ങളിൽ ഇലക്ട്രോണിക്സ് നിർമ്മാണരംഗം രാജ്യത്തെ പ്രധാന തൊഴിൽമേഖലകളിൽ ഒന്നായി മാറുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ദിനംപ്രതി ചെറുകിട, ഇടത്തരം സംരംഭങ്ങൾ ഉയർന്നുവരുന്നതിലൂടെ രാജ്യത്തെ ഇലക്ട്രോണിക്സ് നിർമ്മാണ മേഖല അഭിവൃദ്ധി പ്രാപിക്കുകയാണെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. നിർമാണമേഖലയിൽ ഉത്പന്ന നിർമാണത്തിനുള്ള പുതിയ രീതികൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## REV INDIA- BHUTAN - RAIL PROJECT

നാലായിരത്തി 33 കോടി രൂപ ചെലവിൽ രണ്ട് ക്രോസ് ബോർഡർ റെയിൽ ലിങ്ക് പദ്ധതികൾ നടപ്പിലാക്കാൻ ഇന്ത്യയും ഭൂട്ടാനും തമ്മിൽ ധാരണയായി. 69 കിലോമീറ്റർ ദൂരത്തിൽ അസമിലെ കൊക്രജ്ഹർ നഗരത്തിൽ നിന്നും നേപ്പാളിലെ ഗെലെഫു നഗരത്തിലേക്കുള്ള റെയിൽ പാത 3,456 കോടി രൂപ ചെലവിലാണ് നിർമ്മിക്കുന്നത്. 20 കിലോമീറ്റർ നീളമുള്ള പശ്ചിമ ബംഗാളിലെ ബനാർഹട്ട് മുതൽ നേപ്പാളിലെ സാംത്സെ വരെയുള്ള റയിൽ പാത 577 കോടി രൂപ ചെലവിൽ നിർമ്മിക്കും. ഈ റെയിൽവേ പദ്ധതികളിലെ മുഴുവൻ ചെലവും ഇന്ത്യ വഹിക്കുമെന്നും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

&&&&&&&&&&&&&&&&&

## FINANCE MINISTER-TN VISIT

ടിവികെ പാർട്ടിയുടെ റാലിയിൽ തിക്കിലും തിരക്കിലും 41 പേർ മരിച്ച, തമിഴ് നാട്ടിലെ കരൂരിൽ കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ സന്ദർശനം നടത്തി. തന്നോടും കേന്ദ്ര സഹ മന്ത്രി എൽ മുരുകനോടും സംഭവസ്ഥലം സന്ദർശിച്ചു സാഹചര്യം പരിശോധിക്കാൻ പ്രധാനമന്ത്രി നിർദേശിച്ചിരുന്നതായി ശ്രീമതി നിർമല സീതാരാമൻ പറഞ്ഞു. സംഭവം ദൗർഭാഗ്യകരമാണെന്നു പറഞ്ഞ മന്ത്രി ജില്ലാ ഭരണകൂടം കേന്ദ്ര സർക്കാരിന് വിശദാംശങ്ങൾ നൽകിയ ശേഷം, മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും Direct Benefit transfer scheme പ്രകാരം ലഭ്യമാക്കുമെന്നും അറിയിച്ചു. നേരത്തെ, മന്ത്രിമാർ സംഭവ സ്ഥലവും ആശുപത്രികളിൽ കഴിയുന്നവരെയും മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളെയും സന്ദർശിച്ചു.

&&&&&&&&&&&&&&&&&

## NADDA-CONCLAVE

സ്വസ്ഥ് നാരി സശക്ത് പരിവാർ കാമ്പെയ്നിന് കീഴിൽ രാജ്യത്തുടനീളം ഇതുവരെ 9 ലക്ഷത്തിലധികം ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചതായി കേന്ദ്രമന്ത്രി ജെപി നഡ്ഡ. ന്യൂഡൽഹിയിൽ സ്വകാര്യ വാർത്താ ചാനൽ സംഘടിപ്പിച്ച ആരോഗ്യ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 3.6 കോടിയിലധികം പേർ ഇതിനകം ആരോഗ്യപരിശോധനകൾക്ക് വിധേയമായതായും ഒക്ടോബർ രണ്ടോടെ ക്യാമ്പിൽ പങ്കെടുത്തവരുടെ എണ്ണം നാല് കോടി കവിയുമെന്നും ശ്രീ നദ്ദ പറഞ്ഞു.

&&&&&&&&&&&&&&&&&

## PM-DELHI BJP OFFICE

ന്യൂഡൽഹിയിലെ ദീൻ ദയാൽ ഉപാധ്യായ മാർഗിൽ പുതുതായി നിർമ്മിച്ച ഡൽഹി ബിജെപി ഓഫീസിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നിർവഹിച്ചു. കഴിഞ്ഞ ദശകങ്ങളിൽ എണ്ണമറ്റ പ്രവർത്തകരുടെ സമർപ്പണത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമാണ് ഡൽഹി ബിജെപിയുടെ ശക്തിയെന്ന് പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്രമന്ത്രിയും ബിജെപിയുടെ ദേശീയ അധ്യക്ഷനുമായ ജെപി നഡ്ഡ പരിപാടിയിൽ സംബന്ധിച്ചു.

&&&&&&&&&&&&&&&&&

## GST REFORMS-HEALTHCARE

ഈ മാസം 22 ന് ആരംഭിച്ച അടുത്ത തലമുറ ജി എസ് ടി പരിഷ്കാരങ്ങൾ ഇന്ത്യയുടെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ്.

ജി എസ് ടി 2.0 പ്രകാരം, കാൻസർ, മറ്റ് ഗുരുതര രോഗങ്ങൾ എന്നിവയുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന 36 ജീവൻ രക്ഷാ മരുന്നുകളുടെ നികുതി സർക്കാർ ഒഴിവാക്കി. അവശ്യ മരുന്നുകളുടെയും നിരവധി മെഡിക്കൽ ഉപകരണങ്ങളുടെയും ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. അതോടൊപ്പം, മുമ്പ് 18 ശതമാനം ആയിരുന്ന ആരോഗ്യ, ലൈഫ് ഇൻഷുറൻസ് പ്രീമിയങ്ങളും നികുതി രഹിതമാക്കി.

&&&&&&&&&&&&&&&&&

## SEVA PARV - SAMUDRAYAN (INTRO)

മനുഷ്യനെ വഹിച്ചുള്ള ഇന്ത്യയുടെ ദൗത്യമായ സമുദ്രയാൻ പദ്ധതിയിലൂടെ ആഴക്കടൽ പര്യവേഷണത്തിൽ രാജ്യത്തെ ആഗോളതലത്തിൽ മുന്നിലെത്തിക്കാനുള്ള കേന്ദ്രസർക്കാരിന്റെ പ്രവർത്തനങ്ങളെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.
(ഹോൾഡ്)

&&&&&&&&&&&&&&&&&

## ASSEMBLY SIR-CM

തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം സുതാര്യമായി നടത്തണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ പാസ്സാക്കി. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രമേയം അവതരിപ്പിച്ചത്. SIR ലെ ചില നിബന്ധനകൾ പ്രായപൂർത്തി വോട്ടവകാശത്തെ ഹനിക്കുന്നതാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. പ്രതിപക്ഷത്തിൻറെ പിന്തുണയോടെയാണ് പ്രമേയം പാസ്സാക്കിയത്. അതേസമയം പ്രമേയത്തിലുള്ള എതിർപ്പ് ബിജെപി നേതാക്കൾ മാധ്യമങ്ങളോട് രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&

## ASIA CUP-BCCI

ഏഷ്യാ കപ്പ് ഫൈനൽ മത്സരത്തിനെ തുടർന്നുണ്ടായ വിവാദങ്ങളെ ബിസിസിഐ സെക്രട്ടറി ദേവജിത് സൈകിയ അപലപിച്ചു. സംഭവം നിർഭാഗ്യകരമാണെന്ന് അദ്ദേഹം പറഞ്ഞു. ഈ വർഷം നവംബറിൽ ദുബായിൽ നടക്കുന്ന ഐസിസി കോൺഫറൻസിൽ ഔദ്യോഗിക പ്രതിഷേധം രേഖപ്പെടുത്തുമെന്ന് അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&

## ISSF JUNIOR WORLD CUP

ന്യൂഡൽഹിയിൽ നടക്കുന്ന ISSF ജൂനിയർ ലോകകപ്പിൽ ഇന്ത്യയ്ക്ക് സ്വർണം. വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ വിഭാഗത്തിൽ 252.7 പോയിന്റുമായി ഓജസ്വി താക്കൂറാണ് സ്വർണ മെഡൽ

നേടിയത്. ഇതേ ഇനത്തിൽ ഹൃദ്യ ശ്രീ കോണ്ടൂർ വെള്ളി നേടി. ഇന്ത്യൻ താരം ക്ഷിർസാഗറിനാണ് വെങ്കലം.

&&&&&&&&&&&&&&&&&

## BSNL – FTTH

ഈ വർഷം തിരുവനന്തപുരം ജില്ലയിലെ ഫൈബർ ടു ദി ഹോം കണക്ഷനുകൾ ഒരു ലക്ഷമാക്കുമെന്ന് ബിഎസ്എൻഎൽ. പ്രതിമാസ ഇന്റർ മീഡിയ പബ്ലിസിറ്റി കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ സംസാരിക്കവെ തിരുവനന്തപുരം സർക്കിൾ പ്രിൻസിപ്പൽ ജനറൽ മാനേജർ പി ജി നിർമലാണ് ഇക്കാര്യം അറിയിച്ചത്. തിരുവനന്തപുരത്ത് 743 സ്ഥലങ്ങളിൽ 4 ജി സേവനം ലഭ്യമാക്കിയിട്ടുണ്ട്. 83 ടവറുകൾ പുതിയതായി സ്ഥാപിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ബിഎസ്എൻഎലിൻറെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിപുലമായ ആഘോഷങ്ങൾ തിരുവനന്തപുരം സർക്കിൾ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&